Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph: 8075303289

14.2.2018

Sir,

Ref: My Application dated 9.2.2018 regarding the Request to Deploy Squad against Illegal Loud-speakers.

Ref ൽ പറയുന്ന എന്റെ അപേക്ഷ 9.2.2018 ന് സമർപ്പിച്ചശേഷം 13.2.2018 ലെ പത്രമാധ്യമങ്ങളായ ദേശാഭിമാനി, മാതൃഭൂമി എന്നിവയിൽ *"പരീക്ഷക്കാലം മുൻനിർത്തി ശബ്ദമലിനീകരണത്തിനെതിരെ കർശന നടപടികൾക്ക് ജില്ലാകേന്ദ്രം ഒരുങ്ങുന്നു. ഉച്ചഭാഷിണികൾ അനുവദനീയമായ തോതിലും കൂടുതൽ ശബ്ദത്തിലും ഉപയോഗിക്കുന്നത് പരിശോധിക്കുന്നതിന് അസി. കളക്ടർ അനുപം മിശ്രയുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചതായി കളക്ടർ കെ. വാസുകി അറിയിച്ചു. സ്ക്വാഡ് ചൊവ്വാഴ്ച മുതൽ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തും. തഹസീൽദാർ, സ്റ്റേഷൻ ഹൗസ് ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് സ്ക്വാഡ്."* എന്ന് കണ്ടു. (Copy Attached).

അതിൽ പറഞ്ഞിരുന്ന ഫോൺ നമ്പർ 6062606 എന്നത് കളക്ടറേറ്റുമായി യാതൊരു ബന്ധവുമില്ലാത്തതും, ഇന്നലെയും ഇന്ന് ഇത് അയക്കുന്ന സമയം വരെയും *"ക്ഷമിക്കണം താങ്കൾ ഡയൽ ചെയ്ത നമ്പർ താൽക്കാലികമായി ഉപയോഗത്തിലില്ല"* എന്ന സന്ദേശം നൽകി പൊതുജനങ്ങളെ കബളിപ്പിക്കുന്നതുമായിരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന 2730045 എന്ന കളക്ടറേറ്റിലെ ഫോൺ നമ്പർ നിലവിലിരിക്കവേ ആണ് തെറ്റായ ഈ നമ്പർ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച് പൊതുജനങ്ങളെ കബളിപ്പിച്ചിരിക്കുന്നത്. *"ചൊവ്വാഴ്ച മുതൽ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തും."* എന്നതിൽ എന്തെങ്കിലും സത്യം ഉണ്ടോ എന്നറിയില്ല.

മാടൻകാവ് തമ്പുരാൻ ക്ഷേത്രം, സ്റ്റേഷൻകടവ്, തുമ്പ യിലെ ശബ്ദമലിനീകരണത്തിനെതിരെ ഒരു പൗരൻ 26.12.2017 ന് നേരിട്ട് തിരു. ജില്ലാ കളക്ടർക്ക് പരാതി നൽകിയിട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് വിവരാവകാശ നിയമ പ്രകാരം മറുപടി നൽകിയ ശേഷം ഇങ്ങനെയൊരു പത്രവാർത്ത വന്നത് വളരെ ഗുരുതരമായി കാണേണ്ടതാണ്. കൂടാതെ ടി വാർത്തയിൽ *"പൊതു നിരത്തുകളിൽ 75 ഡെസിബെലിലും ജനവാസകേന്ദ്രങ്ങളിൽ 65 ഡെസിബെലിലും ഉയർന്ന ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കും."* എന്ന് പറഞ്ഞിട്ടുള്ളത് തെറ്റും പൊതുജനങ്ങളിൽ തെറ്റിധാരണയുണ്ടാക്കുന്നതുമാണ്. **യഥാർത്ഥത്തിൽ ജനവാസകേന്ദ്രങ്ങളിൽ രാത്രിയിൽ 45 ഡെസിബെലും പകൽ 55 ഡെസിബെലും ആണ്.**

ടി പത്രവാർത്ത സർക്കാരിന്റെ പ്രതിച്ഛായ തകർക്കുന്നതും, ശബ്ദമലിനീകരണം നടത്തി പൊതുജനങ്ങളെ ദ്രോഹിക്കുന്നവർക്കനുകൂലവും, പൊതുജനങ്ങളെ കബളിപ്പിക്കാനും തെറ്റിധരിപ്പിക്കാനും ഉപകരിക്കുന്നതുമാകുന്നു.

ആയതിനാൽ മേൽപറഞ്ഞ കാര്യങ്ങൾ അതീവ ഗൗരവമായി കണ്ട് ടി പത്രവാർത്ത പ്രസിദ്ധപ്പെടുത്താൻ നൽകിയവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും, സമൂഹത്തിൽ നിലനിൽക്കുന്ന ഉച്ചഭാഷിണി ഉപയോഗിച്ചുള്ള പൊതുജനദ്രോഹം അവസാനിപ്പിക്കുന്നതിലേക്കായി കോടതിയിൽ പരാജയപ്പെടാത്ത വിധം തെളിവെടുത്ത് ടി കുറ്റക്കാരനെതിരെ മാതൃകാപരമായ ശിക്ഷ ലഭിക്കുമാറ് അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥർ സ്വമേധയാ Kerala Police Act, Noise Pollution Rules-2000 എന്നിവ പ്രകാരം കേസെടുക്കാനും, നോയിസ് പൊലൂഷൻ റൂൾസ് 2000 അനുസരിക്കാതെ ഉച്ചഭാഷിണി ഉപയോഗിച്ചാൽ 5 വർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ നൽകാം എന്നതനുസരിച്ച് നടപടിയെടുക്കാൻ

Special Squad നെ നിയോഗിക്കാനും വേണ്ട നടപടികൾക്കായി താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash S)

ദേശാഭിമാനി 13 TUESDAY, FEBRUARY 2018
ABOUT US E-PAPER

HOME | KERALA | NATIONAL | WORLD | EDITORIAL | ARTICLES | COLUMNS | SPORTS | CINEMA | FROM THE NET | ART & STAGE | E-PAP

LATEST NEWS | ധരിക്കാൻ നിർബന്ധിക്കേണ്ട: സൗദി പണ്ഡിതസഭാംഗം • ഗോകുലം ബഗാനെ വീഴ്ത്തി • കൊച്ചി കപ്പൽശാലയി

Home » Kerala » Thiruvananthapuram

Like Share 0

## സ്ക്വാഡുകൾ ഇന്നുമുത

Tuesday Feb 13, 2018
വെബ് ഡെസ്ക്

ൽ

തിരുവനന്തപുരം > പരീക്ഷക്കാലം മുൻനിർത്തി ശബ്ദമലിനീകരണത്തിനെതിരെ കർശന നടപടികൾക്ക് ജില്ലാ കേന്ദ്രം ഒരുങ്ങുന്നു. ഉച്ചഭാഷിണികൾ അനുവദനീയമായ തോതിലും കൂടുതൽ ശബ്ദത്തിൽ ഉപയോഗിക്കുന്നത് പരിശോധിക്കുന്നതിന് അസി. കലക്ടർ അനുപം മിശ്രയുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചതായി കലക്ടർ കെ വാസുകി അറിയിച്ചു.

സ്ക്വാഡ് ചൊവ്വാഴ്ച മുതൽ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തും. തഹസീൽദാർ, സ്റ്റേഷൻഹൗസ് ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് സ്ക്വാഡ്. പൊതുനിരത്തുകളിൽ 75 ഡെസിബലിലും ജനവാസകേന്ദ്രങ്ങളിൽ 65 ഡെസിബലിലും ഉയർന്ന ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കും. രാത്രി പത്തുമുതൽ രാവിലെ ആറുവരെ ഉച്ചഭാഷിണി ഉപയോഗം കർശനമായി നിരോധിക്കും. മൈക്ക് ഓപ്പറേറ്റർമാർക്കും സംഘാടകർക്കുമെതിരെ വിവിധ നിയമങ്ങളനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിക്കും.

പൊതുജനങ്ങൾക്ക് ശബ്ദമലിനീകരണം സംബന്ധിച്ച പരാതികൾ 606 2 606 എന്ന ടോൾ ഫ്രീ നമ്പറിൽ അറിയിക്കാം.

Tags : സ്ക്വാഡുകൾ ശബ്ദമലിനീകരണം

Like Share 0

# ശബ്ദമലിനീകരണം: ഇന്നുമുതൽ പരിശോധന

Published: Feb 13, 2018, 07:00 AM IST

T- T T+



FACEBOOK
TWITTER
PINTEREST
LINKEDIN
GOOGLE +

**തിരുവനന്തപുരം:** പരീക്ഷക്കാലത്തുള്ള ശബ്ദമലിനീകരണത്തിനെതിരേ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പരിശോധന കർശനമാക്കുന്നു. ഉച്ചഭാഷിണികൾ അനുവദനീയമായതോതിലും കൂടുതൽ ശബ്ദത്തിൽ ഉപയോഗിക്കുന്നത് പരിശോധിക്കുന്നതിന് അസിസ്റ്റന്റ് കളക്ടർ അനുപം മിശ്രയുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപവത്കരിച്ചതായി ജില്ലാ കളക്ടർ ഡോ. കെ.വാസുകി അറിയിച്ചു.

ചൊവ്വാഴ്ച മുതൽ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തും. തഹസിൽദാർ, ബന്ധപ്പെട്ട സ്റ്റേഷൻഹൗസ് ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് സ്ക്വാഡ്.

പൊതുനിരത്തുകളിൽ 75 ഡെസിബലിലും ജനവാസകേന്ദ്രങ്ങളിൽ 65 ഡെസിബലിലും ഉയർന്ന ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നവർക്കെതിരേ നടപടി സ്വീകരിക്കും. രാത്രി പത്തുമുതൽ രാവിലെ ആറുവരെയുള്ള സമയത്ത് ഉച്ചഭാഷിണി ഉപയോഗം കർശനമായി നിരോധിക്കും. മൈക്ക് ഓപ്പറേറ്റർമാർക്കും സംഘാടകർക്കുമെതിരേ വിവിധ നിയമങ്ങളനുസരിച്ച് തടവും പിഴയുമടക്കമുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുമെന്നും അവർ അറിയിച്ചു. പൊതുജനങ്ങൾക്ക് ശബ്ദമലിനീകരണം സംബന്ധിച്ച പരാതികൾ 6062606 എന്ന ടോൾ ഫ്രീ നമ്പറിൽ അറിയിക്കാം.

PRINT
EMAIL
COMMENT

Like 0 Share